# ലോഗോസ് ക്വിസും ലേവ്യപുസ്തകവും

ലേവ്യപുസ്തകത്തിലെ ചില വിവരണങ്ങൾ കൊച്ചുകുട്ടികൾക്ക് തെറ്റിദ്ധാരണാജനകമാണ്, ലോഗോസ് ക്വിസിന് അത് ഒഴിവാക്കേണ്ടതായിരുന്നു എന്ന പരാമർശം വായിക്കാനിടയായി **(സൺഡേ ശാലോം, ഓഗസ്റ്റ് 3).** ആ കത്തിലെ ഉള്ളടക്കത്തോട് യോജിക്കുന്നു. ലേവ്യപുസ്തകത്തെപ്പറ്റി ചില സംഗതികൾ കുറിക്കട്ടെ. ലേവ്യപുസ്തകത്തിലെ ആദ്യത്തെ ഏഴ് അധ്യായങ്ങൾ വിവിധതരം ബലികളെ കുറിച്ചാണ്. തുടർന്നുള്ള അധ്യായങ്ങൾ പുരോഹിതാഭിഷേകം (8-10), ശുദ്ധീകരണനിയമങ്ങൾ (11-15), പാപപരിഹാരദിനം (16), ജീവിതവിശുദ്ധി (17-27) എന്നീ വിഷയങ്ങൾ ചർച്ച ചെയ്യുന്നു. വാച്യാർഥത്തിൽ എടുത്താൽ, ബാഹ്യമായ ശുദ്ധിക്കും അശുദ്ധിക്കും ഈ ഗ്രന്ഥം പ്രാധാന്യം നൽകുന്നു. കൂടാരവാസികളായിരുന്ന ജനത്തിന്റെ അക്കാലപശ്ചാത്തലത്തിൽ ലേവ്യപുസ്തകാനുഷ്ഠാനങ്ങൾ പ്രസക്തങ്ങളായിരുന്നു.

എന്നാൽ ഇപ്പോൾ ദൈവത്തിന്റെ സഭയിൽ ലേവ്യപുസ്തകം വായിക്കുമ്പോൾ ദൈവജനം എങ്ങനെ മനസ്സിലാക്കണം? നാം തിരുലിഖിതം വായിക്കുന്നത് ജനങ്ങളുടെ പ്രബോധനത്തിനാണ്. എന്തു സന്ദേശമാണ് ഈ ഗ്രന്ഥം വിശ്വാസികൾക്കു നൽകുന്നത്? കൂടാരവാസികളായിരുന്ന യഹൂദർ മനസ്സിലാക്കിയതുപോലെ നാം മനസ്സിലാക്കിയാൽ മതിയോ? അതോ വ്യത്യസ്ത രീതിയിൽ മനസ്സിലാക്കണമോ? കാലം മാറിയപ്പോൾ അന്നത്തെ പല നിർദേശങ്ങളും അപ്രസക്തങ്ങളായി. പിൽക്കാല യഹൂദ റബിമാരും വ്യാഖ്യാതാക്കളും പണ്ഡിതരും നിയമജ്ഞരും ഈ ഗ്രന്ഥത്തിലെ നിരവധി സംഗതികൾക്ക് വാച്യാർഥത്തിന് അപ്പുറത്തുള്ള അർഥം കണ്ടുപിടിക്കാൻ തുടങ്ങി. അവരുടെ ചുവടുപിടിച്ച് ആദിമ ക്രൈസ്തവസാഹിത്യകാരന്മാരും ഇവയുടെ നിഗൂഢാർഥം അവതരിപ്പിച്ചു. "ബർണബാസിന്റെ ലേഖനം" എന്ന "അപ്പസ്തോലിക" കൃതിയിലാണ് ഇതിന്റെ പ്രതിധ്വനി ആദ്യമായി കാണുക. ലേവ്യപുസ്തകത്തിൽ പ്രതിപാദിക്കുന്ന പല സംഗതികളും വാച്യാർഥത്തിൽ ജറുസലേം ദൈവാലയവുമായി ബന്ധപ്പെട്ടവയാണ്. 135-ൽ ജറുസലേം ദൈവാലയം തകർന്നു, യഹൂദർ ചിതറിക്കപ്പെട്ടു. അതോടുകൂടെ ബലികൾ അവസാനിച്ചു, ദൈവാലയം ഇല്ലാതായി. പുരോഹിതന്മാരുടെ ശുശ്രൂഷ നിന്നുപോയി. അന്നുമുതൽ ഇന്നുവരെ, ബലികൾ കൂടാതെയാണ് യഹൂദർ ജീവിക്കുന്നത്. അവർ സിനഗോഗുകളിൽ ഒന്നിച്ചുകൂടി പഴയനിയമം വായിച്ച്, പ്രസംഗം നടത്തി പ്രാർഥിച്ച് പിരിഞ്ഞിരുന്നു.

ചരിത്രം പഠിപ്പിക്കുകയോ, കഥ പറയുകയോ അല്ലല്ലോ തിരുലിഖിതലക്ഷ്യം. ബൈബിൾ ദൈവവചനമാണ്. അത് എക്കാലവും പ്രസക്തമാണ്. ലേവ്യപുസ്തകം ദൈവവചനമാണെങ്കിൽ, അത് ഇന്നും പ്രസക്തമാണ്. ഇന്ന് എന്നോട് ഈ ഗ്രന്ഥത്തിലൂടെ ദൈവാത്മാവ് എന്താണ് സംസാരിക്കുന്നത്? ഈ ഗ്രന്ഥം മരുഭൂമിയിലെ കൂടാരവാസികളായ ജനത്തെപ്പോലെ വാച്യാർഥത്തിൽ ഗ്രഹിക്കണമോ, അതോ ഇതിന് ആന്തരികാർഥമുണ്ടോ? വി.പൗലോസ് ശ്ലീഹാ ഇതിനുത്തരം നൽകുന്നു: "എഴുതപ്പെട്ടവ നമ്മുടെ പ്രബോധനത്തിനായി എഴുതപ്പെട്ടരിക്കുന്നു" (1കൊറി.10,11). അതായത് പ്രബോധക പ്രധാനമാണ്. അപ്പോൾ ലേവ്യപുസ്തകത്തിനും ഈ ദൗത്യമുണ്ട്. പിൽക്കാല യഹൂദരും ക്രൈസ്തവ സാഹിത്യകാരന്മാരും ലേവ്യപുസ്തകം എങ്ങനെ മനസ്സിലാക്കി എന്ന് ആരായുന്നത് നന്നായിരിക്കും.

തിരുലിഖിതത്തിൽ കാണപ്പെടുന്നവയും, എന്നാൽ ദൈവത്തിന് ചേരാത്തവയുമായ വിവരണങ്ങൾ വാച്യാർഥത്തിലല്ല, ആന്തരികാർഥത്തിലാണ് മനസ്സിലാക്കേണ്ടതെന്ന ചിന്ത പിൽക്കാല യഹൂദരുടെ ഇടയിൽ നിലനിന്നു. യൂദനായ ഫീലോ ഈ രീതിയിൽ മോശയുടെ ഗ്രന്ഥം വ്യാഖ്യാനിക്കാൻ പരിശ്രമിച്ചു. യഹൂദരുടെ ചുവടുപിടിച്ച് ക്രൈസ്തവസഭയിലെ എഴുത്തുകാരും ആന്തരികാർഥത്തിന് പ്രാധാന്യം നൽകുന്ന വ്യാഖ്യാനരീതി സ്വീകരിച്ചു. നിഗൂഢാർഥം, ആത്മീയാർഥം, രൂപകാർഥം, ആന്തരികാർഥം അന്ത്യോന്മുഖാർഥം അനഗോഗിക്കൽ അർഥം എന്നൊക്കെ ഇതിനെ വിളിക്കാം. വാച്യാർഥം യഹൂദരുടെ രക്ഷാകരചരിത്രമാണ്. ആന്തരികാർഥത്തിൽ അത് ആന്തരിക ഇസ്രായേലായ സഭയെ കുറിക്കുന്നു.

ഈ രീതിയിൽ വി. പൗലോസ് ശ്ലീഹാ മോശയുടെ നിയമം വ്യാഖ്യാനിക്കുന്നു. ഹൃദയത്തിന്റെ മറ-മൂടുപടം, വിരി - നീക്കിയെങ്കിൽ മാത്രമേ നമുക്കുപോലും മോശയുടെ നിയമം അർഥസംപുഷ്ടമായി ഗ്രഹിക്കാൻ കഴിയൂ (2കൊറി.3,15). വാക്കുകളിൽ ഉൾക്കൊണ്ടിരിക്കുന്ന യാഥാർഥ്യം ഗ്രഹിക്കാൻ ഉൾക്കാഴ്ച അവശ്യാവശ്യമാണ്. ദൈവത്തിൽ നിന്ന് മനുഷ്യർ പഠിക്കാൻ യോഗ്യമായവയാണ് പരിശുദ്ധാത്മാവ് തിരുലിഖിതത്തിൽ പഠിപ്പിക്കുക. ഈ രീതിയിൽ ഗലാത്യലേഖനത്തിൽ വി. പൗലോസ് ശ്ലീഹാ മോശയുടെ ഗ്രന്ഥത്തിലെ

ഒരു ഭാഗം വ്യാഖ്യാനിക്കുന്നു (4,24-31). അതുപോലെ കൊറിന്തോസുകാർക്കുള്ള ഒന്നാം ലേഖനത്തിലും (10,1-4) ഫിലിപ്യർക്കുള്ള ലേഖനത്തിലും (3,2-3) റോമാലേഖനത്തിലും (2,28-29) ആന്തരികാർഥം നൽകുന്ന തായി കാണാം . പൗലോസിന്റെ ചുവടുപിടിച്ചും യഹൂദരെ അനുകരിച്ചും, സഭയിലെ എഴുത്തുകാർ മോശ യുടെ ഗ്രന്ഥത്തിന് ആന്തരികാർഥം നൽകാൻ തുടങ്ങി. മഹാനായ ഒരിജൻ, വി. ഗ്രിഗറി നീസ്സാ ആദിയായവർ ഇവരിൽ പ്രശസ്തരാണ്.

ഈ ലേവ്യപുസ്തകത്തെ ആധാരമാക്കി പ്രശസ്തനായ ഒരിജൻ 16 പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്. പര സ്പര വിരുദ്ധമെന്നോ, യുക്തിക്കു നിരക്കാത്തതെന്നോ അധാർമികമെന്നോ തനിക്കു തോന്നിയവയൊക്കെ റബിമാരെപ്പോലെ അല്ലെഗോറിക്കലായി വ്യാഖ്യാനിക്കാൻ ഒരിജനും മുതിരുന്നു. ബൈബിളിലെ ചില സുപ്രധാ നവാക്കുകൾക്ക് വാച്യാർഥപരമല്ല, സൂചനാപരമായ അർഥമാണെന്ന് റബിമാരും ഒരിജനും കരുതി. ആ വഴിക്ക് വ്യാഖ്യാനം നൽകുന്നു. നാമങ്ങളുടെ വ്യാഖ്യാനത്തിലും ഒരിജൻ റബിമാരെ പിന്തുടരുന്നു.

“ദൈവം ആത്മാവാണ്”; “കർത്താവ് ആത്മാവാണ്” (യോഹ.4,24; 2കൊറി.3,17)). അപ്പോൾ, ആത്മാവ് പറയുന്നവ നാം ആത്മീയമായി ശ്രവിക്കണം. ആത്മീയമായി മാത്രമല്ല, ആത്മാവായും മനസ്സിലാക്കണം: “ഞാൻ നി ങ്ങളോടു പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ്” (യോഹ.6,63). അതുകൊണ്ട്, അവിടുന്ന് മോശയി ലൂടെ സംസാരിച്ചവയും ആത്മാവും ജീവനുമാണ്. അക്കാരണത്താലാണ് ഒരിജൻ പഴയനിയമ വിവരണ ങ്ങൾക്ക് ആത്മീയാർഥം നൽകുന്നതും അവ ക്രിസ്തോന്മുഖമായി അവതരിപ്പിക്കുന്നതും സഭാത്മകമായി വ്യാഖ്യാനിക്കുന്നതും.

ദൈവവചനം പരിശുദ്ധാത്മനിവേശനത്താൽ എഴുതപ്പെട്ടവയും എല്ലാക്കാലത്തും ഒരുപോലെ പ്രസ ക്തവുമാണ്. വാച്യാർഥത്തിൽ എടുത്താൽ ലേവ്യപുസ്തകത്തിലെ മിക്ക സംഗതികളും ഇന്ന് പ്രസക്തമല്ല, പ്രായോഗികവുമല്ല. അപ്പോൾ ഒരിജൻ വിവരണങ്ങൾക്ക് ആന്തരികാർഥം തേടിയിറങ്ങി. എന്നാൽ യഹൂദറ ബിമാരിൽ നിന്ന് വ്യത്യസ്തമായി അവ ക്രിസ്തോന്മുഖമായി വ്യാഖ്യാനിക്കാൻ ഒരിജൻ ഒരുമ്പെട്ടു. ക്രി സ്തോന്മുഖമല്ലെങ്കിൽ പഴയനിയമം അപ്രസക്തമാണെന്ന് ഒരിജൻ കരുതി.

തിരുലിഖിതത്തിന് ദൈവികോത്ഭവം ആയതിനാൽ ദൈവികമായി വേണം നാമിന്ന് വ്യാഖ്യാനിക്കേണ്ട ത്. യേശുവാണ് പഴയനിയമത്തിന് അർഥം കൊടുക്കുന്നത്. യേശുവിന്റെ മനുഷ്യാവതാരശേഷമാണ് പ്രവാ ചക വചനങ്ങളുടെയും മോശയുടെ നിയമത്തിന്റെ ആത്മീയപ്രകൃതിയുടെയും നിവേശനം പ്രകാശിതമായത്. വചനം മറിയത്തിലൂടെ മാംസമായി തീർന്നതുപോലെ, ദിവ്യവചനം നിയമദാതാവിലും പ്രവാചകരിലും രൂപം ധരിക്കുന്നു.

തിരുലിഖിതവചനത്തിന് വാച്യാർഥപരവും ചരിത്രപരവുമായ അർഥം, ധാർമികാർഥം, മിസ്റ്റിക്കൽ അർഥം എന്നിങ്ങനെ മൂന്നുതരം അർഥങ്ങളുണ്ടെന്ന് ഒരിജൻ കരുതി. ചില വേദപുസ്തകഭാഗങ്ങൾ ഒന്നാമ ത്തെ രീതിയിലാണ് വ്യാഖ്യാനിക്കേണ്ടത്. എന്നാൽ എല്ലാ ഭാഗങ്ങളും ഇതുകൊണ്ട് അവസാനിപ്പിക്കാൻ പാടില്ല. സാധാരണ ക്രിസ്ത്യാനികൾപോലും ഈ ഒന്നാമത്തെ അർഥംകൊണ്ട് തൃപ്തരാകുന്നു. പണ്ടെന്ന പോലെ ഇന്നും യഹോവാസാക്ഷികൾ തുടങ്ങിയ അബദ്ധപ്രബോധകർ, പെന്തിക്കോസ്തുകാർ, ബാപ്റ്റിസ്റ്റു കാർ, അഡ്വന്റിസ്റ്റുകൾ, ബ്രദറൺകാർ തുടങ്ങിയ വിഘടിതവിഭാഗങ്ങൾ വെറും വാച്യാർഥത്തിൽ മാത്രം തി രുലിഖിതം മനസ്സിലാക്കുന്നവരാണ്. പുരാതനസഭയിൽ വിവിധ വിഭാഗങ്ങളിൽ പെട്ട ഗ്നോസ്റ്റിക്കുകാർ വെറും വാച്യാർഥത്തിൽ കുടുങ്ങിക്കിടന്നവരാണ്.

ക്രിസ്ത്യാനികൾ ലേവ്യപുസ്തകം വാച്യാർഥത്തിൽ എടുത്താൽ, കാളകളെയും ആടുകളെയും ബലി യർപ്പിക്കുകയും ഗോതമ്പുമാവ് എണ്ണയും കുന്തിരിക്കവും ചേർത്ത് കാഴ്ച വയ്ക്കുകയും വേണം. ഇന്ന് ഇത് അസാധ്യവും അർഥശൂന്യവുമാണ്. ഇതിന്റെ പിറകേ പോയാൽ ഇത് സഭാപ്രവർത്തനങ്ങൾക്ക് തടസ്സവുമാ കും. എന്നാൽ തിരുലിഖിതത്തിൽ കൂടുതൽ ഭാഗങ്ങളും വാച്യാർഥത്തിൽ എടുക്കേണ്ടവയാണെന്ന് ഒരിജൻ സമ്മതിക്കുന്നു. വാച്യാർഥം അസാധ്യമാകുന്നിടത്തെല്ലാം ആന്തരികാർഥം സ്വീകരിക്കണമെന്നാണ് ഒരിജന്റെ മതം. സാധാരണക്കാരിൽ നിന്ന് ഉയർന്നു ചിന്തിക്കാൻ കഴിയുന്ന, വിശ്വാസത്തിൽ വളർന്നവർക്കേ ആന്തരി കാർഥത്തിൽ എത്താൻ സാധിക്കൂ. ചിലയിടങ്ങളിൽ വാച്യാർഥം തികച്ചും അപ്രസക്തമാണെന്നും അദ്ദേഹം കരുതുന്നു.

തിരുലിഖിതത്തിന് ധാർമികാർഥവുമുണ്ട്. അത് ബുദ്ധിശക്തിയോട് സംസാരിക്കുന്നു. നന്മതിന്മകൾ വിവേചിക്കാനുള്ള കഴിവാണ് ബുദ്ധിശക്തി. തിരുലിഖിതത്തിൽ നിന്നുള്ള വിശുദ്ധ പ്രബോധനം കൊണ്ട് പുരോഹിതൻ ശ്രോതാക്കളുടെ മനസ്സാക്ഷിയെ സംശുദ്ധമാക്കുന്നു. പലപ്പോഴും ധാർമികാർഥവും ആത്മീ

യാർഥവും വേർതിരിക്കാൻ പാടില്ലാത്തവിധം ഒത്തുപോകുന്നു. അതുപോലെ എല്ലായിടത്തും മൂന്നുതരം അർഥം കാണണമെന്നുമില്ല. ആത്മീയാർഥത്തിൽ, തിരുലിഖിതവചനങ്ങൾ വരാനിരുന്നവയുടെ നിഴൽ മാത്ര മാണ്. ലേവ്യഹോമിലിയിൽ ഒരിജൻ ഈ രീതിയാണ് ഉടനീളം അനുവർത്തിച്ചിരിക്കുന്നത്. ലേവ്യപുസ്തക പ്രബോധനങ്ങൾ സഭാജീവിതബന്ധിയായി ഒരിജൻ വ്യാഖ്യാനിക്കുന്നു. പരിപൂർണർക്കു മാത്രമേ ഈ രീതി സുഗ്രാഹ്യമാകൂ എന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു. ആത്മീയാർഥം ഗ്രഹിക്കാൻ എല്ലാവർക്കും കഴിവില്ലെങ്കി ലും, തിരുലിഖിതത്തിന് ആത്മീയാർഥം ഇല്ലെന്നു പറയാനാവില്ല. നമ്മുടെ കഴിവുകേടും അജ്ഞതയും നിമിത്തം ലളിത ശൈലിയിലുള്ള ദിവ്യവചനത്തിന്റെ നിഗൂഢസൗന്ദര്യവും ആന്തരികശോഭയും ഇല്ലാതാകു ന്നില്ല.

നമ്മുടെ വിശ്വാസം മാനുഷികവിജ്ഞാനത്തിൽ അധിഷ്ഠിതമല്ല, പിന്നെയോ, ദൈവികശക്തിയിലാണ്. ദൈവം മാനുഷികചിന്തകൾക്ക് ഉപരിസ്ഥനാണ്. തിരുലിഖിതത്തിലെ അവിടുത്തെ വെളിപാടും ഇതുപോ ലെ നിഗൂഢമാണ്. തിരുലിഖിത രചനയിൽപോലും ദൈവത്തിന്റെ ഔന്നത്യത്തെയും ശക്തിയെയും മാനു ഷികകർമം ഉല്ലംഘിക്കുന്നില്ല. അതുകൊണ്ട് തിരുലിഖിതത്തിന്റെ ശരിയായ ഗ്രഹണത്തിന്, മനുഷ്യൻ പൂർണ മായി ദൈവത്തിൽ ആശ്രയിക്കണം. ദൈവികവെളിപാടും സഹായവും കൂടാതെ ആർക്കും തിരുലിഖിത രഹ സ്യങ്ങൾ ഗ്രഹിക്കാനാവില്ല.

മഹാപണ്ഡിതനായ ഒരിജൻ പറയുന്ന ഒരു സംഗതി ശ്രദ്ധാർഹമാണ്. ലേവ്യപുസ്തകത്തെപ്പറ്റിയുള്ള ഹോമിലികളിൽ ഒരിടത്താണിതു പറയുന്നത്. ഇതിന്റെയൊക്കെ അർഥം പറയാൻ ആർക്കു സാധിക്കും? തിരുലിഖിതകർത്താവ് പരിശുദ്ധാത്മാവാകയാൽ, പരിശുദ്ധാത്മാവിന് യോജിച്ച രീതിയിൽ വേണം വ്യാഖ്യാ താവ് വ്യാഖ്യാനിക്കാൻ. അതുകൊണ്ട് അയാൾ ആത്മീയാർഥത്തിലേക്ക് തിരിയണം. ക്രിസ്തുവിന്റെയും തന്റെ പെസഹാരഹസ്യത്തിന്റെയും സഭയുടെയും കൂദാശകളുടെയും സഭാജീവിതത്തിന്റെയും പ്രതീകങ്ങൾ പഴയനിയമത്തിൽ കണ്ടെത്തണം.

ഇതൊക്കെ സാധാരണക്കാർക്ക് സുഗ്രാഹ്യമല്ല. കൊച്ചുകുട്ടികളെ സംബന്ധിച്ച്, അവരുടെ പ്രായത്തിന് ചില ഭാഗങ്ങൾ തികച്ചും അനുചിതമാണ്. യഹൂദരുടെ ഇടയിൽ പോലും എല്ലാ പഴയനിയമഗ്രന്ഥങ്ങളും ഒരു പോലെയല്ല പരിഗണിക്കപ്പെട്ടിരുന്നത്. ചില ഗ്രന്ഥങ്ങൾ മറ്റുള്ളവയെല്ലാം പഠിച്ചതിനുശേഷം അവസാനം മാ ത്രമേ പഠിപ്പിച്ചിരുന്നുള്ളു. വാച്യാർഥത്തിൽ തിരുലിഖിതം ഗ്രഹിക്കുന്നവരാണ് മിക്ക സാധാരണക്കാരും. അങ്ങനെയുള്ളവർക്കും കുട്ടികൾക്കും ലേവ്യപുസ്തകം പഠനത്തിന് നൽകുന്നതിൽ അൽപം അപാകത ഉ ണ്ടെന്ന് തോന്നുന്നു.